**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 5503 — 01.07.2014-ൽ മറുപടിയ്ക്ക്

## ആദിവാസി വൈദ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.പി.ബി.അബ്ദുൾ റസാക്ക്<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ | കുമാരി.പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ആദിവാസി വൈദ്യം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന പൈതൃകോത്സവങ്ങളിൽ പട്ടിക വർഗ്ഗത്തിൽപ്പെട്ട വൈദ്യന്മാരുടെ വംശീയവൈദ്യം പ്രോത്സാഹിപ്പിക്കുന്നതിന് അവസരം നൽകുന്നുണ്ട്. എല്ലാ വർഷവും ന്യൂഡൽഹിയിൽവച്ച് നടക്കുന്ന ഭാരത അന്താരാഷ്ട്ര വ്യാപാരമേളയിൽ കേരളത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന വൈദ്യന്മാരെ പങ്കെടുപ്പിക്കുന്നു. തെരഞ്ഞെടുത്ത 300 പട്ടികവർഗ്ഗ വൈദ്യന്മാർക്ക് 2013-14 വർഷം 10,000/-രൂപ വീതം 30 ലക്ഷം രൂപ കിർത്താഡ്സ് മുഖേന ഗ്രാന്റായി നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ വിതുരയിൽ ആരംഭിക്കുന്ന വംശീയ വൈദ്യ കേന്ദ്രത്തിൽ പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത രീതിയിലുള്ള ആരോഗ്യ പരിപാലന വംശീയ കേന്ദ്രത്തിൽ |

ഗവേഷണത്തിനും, വികസനത്തിനും, പരമ്പരാഗത അറിവുകളുടെ വ്യാപനത്തിനുമുള്ള സൗകര്യങ്ങൾ, വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള സൗകര്യം, പട്ടിക വർഗ്ഗക്കാരുടെ രോഗം ചികിത്സിക്കുന്നതിനുള്ള ഫെസിലിറ്റേഷൻ സെന്ററുകൾ, ഔഷധ സസ്യതോട്ടം എന്നിവ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ, വയനാട് ജില്ലയിലെ മാനന്തവാടിയിൽ ശ്രീ.അച്ചപ്പൻ വൈദ്യരുടെ നേതൃത്വത്തിൽ വംശീയ ഗവേഷണകേന്ദ്രം ആരംഭിക്കുകയും 1996-ൽ പട്ടികവർഗ്ഗക്കാർക്കായി ത്രിവൽസര വംശീയ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2012-13-ൽ 5 സ്ഥലങ്ങളിൽ വംശീയ വൈദ്യ തിരുമ്മു ചികിത്സയിൽ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. 2013-14-ൽ അടിയ പണിയ വിഭാഗത്തിൽപ്പെട്ട 45 യുവതീയുവാക്കൾക്ക് 15 ദിവസത്തെ വംശീയവൈദ്യ പരിശീലനം നൽകിയിട്ടുണ്ട്.

ഇത്തരത്തിൽ വിവിധ പദ്ധതികളിലൂടെ പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത അറിവായ വംശീയ വൈദ്യഔഷധജ്ഞാനം സംരക്ഷിച്ച് നിലനിർത്തി പ്രോത്സാഹിപ്പിച്ച് പൊതുജനങ്ങൾക്ക് ഇതിന്റെ പ്രയോജനം

| | | | |
|---|---|---|---|
| | | | ലഭ്യമാക്കി അതുവഴി പട്ടികവർഗ്ഗക്കാർക്ക് കൂടുതൽ തൊഴിൽ അവസരങ്ങളും വരുമാന വർദ്ധനവും സൃഷ്ടിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| ബി) | ഇവരുടെ ചികിത്സാരീതിക്ക് പേറ്റന്റ് നേടിക്കൊടുക്കുന്ന കാര്യത്തിൽ എന്തൊക്കെ സഹായങ്ങൾ നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | തിരുവനന്തപുരം ജില്ലയിലുള്ള റീജിയണൽ റിസർച്ച് ലബോറട്ടറിയുടെ സഹായത്താൽ വംശീയ വൈദ്യത്തിലെ പ്രമേഹ ചികിത്സാ രീതിക്ക് പേറ്റന്റ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) | ആദിവാസി വംശീയ വൈദ്യന്മാരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; സജീവമായി ചികിത്സ നടത്തുന്നവരുടെ വിശദവിവരം നല്കാമോ? | സി) | ഉണ്ട്. 2013-ൽ 240 വംശീയ വൈദ്യന്മാരുടെ പേരുവിവരം ഉൾപ്പെടുത്തി ഒരു ഡയറക്ടറി കിർത്താഡ്സ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസിദ്ധീകരണത്തിന്റെ പുതുക്കിയ വിശദാംശങ്ങൾ കിർത്താഡ്സിൽ ലഭ്യമാണ്. |

Haripriya
സെക്ഷൻ ഓഫീസർ